നമ്പർ: 34/2021

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ**
**ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
നമ്മുടെ വാകത്താനം വള്ളിക്കാട്ട് ദയറായിൽ കബറടങ്ങിയിരിക്കുന്ന മലങ്കരയുടെ രണ്ടാം കാതോലിക്കാ പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ തിരുമനസ്സിലെ 93-ാം ഓർമ്മപ്പെരുന്നാൾ ഡിസംബർ മാസം 16, 17 (വ്യാഴം, വെള്ളി) തീയതികളിൽ പൂർവ്വാധികം ഭംഗിയായി ആചരിക്കുകയാണല്ലോ. തികഞ്ഞ ദൈവാശ്രയത്തോടെ സഭയെ നയിച്ച പരിശുദ്ധ പിതാവ് ഉത്തമനായ ഒരു താപസനായിരുന്നു. ആശ്രമങ്ങളും, ദേവാലയങ്ങളും, വിദ്യാഭ്യാസകേന്ദ്രങ്ങളും സ്ഥാപിക്കുവാൻ അത്യന്തം ഉത്സാഹിച്ച, വിശുദ്ധിയുടെയും ലാളിത്യത്തിന്റെയും പ്രതീകമായി നിലകൊള്ളുന്ന, ആ പുണ്യപിതാവിന്റെ മദ്ധ്യസ്ഥത അനേകർക്ക് സമൃദ്ധിയായ അനുഗ്രഹങ്ങൾക്ക് മുഖാന്തിരമാണ്. പരിശുദ്ധ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകൾക്ക് നാമും, നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും കാർമികത്വം വഹിക്കുന്നതാണ്. പെരുന്നാൾ സംബന്ധമായ എല്ലാ ശുശ്രൂഷകളും കോവിഡ് 19 മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നടത്തപ്പെടുന്നതാണ്. വിശ്വാസികൾക്ക് നേരിട്ടുവന്ന് ആരാധനയിൽ പങ്കെടുക്കുന്നതിൽ ഉണ്ടായേക്കാവുന്ന അസൗകര്യം പരിഗണിച്ച് ശുശ്രൂഷകൾ ഓൺലൈനായി സംപ്രേഷണം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

**ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2021 നവംബർ മാസം 10-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും